1

എന്തൊരുപൂതമാണീ മഹാബലി!

കല്പറ്റ നാരായണൻ

(മാതൃഭൂമി വാരിക 1997 സെപ്റ്റംബർ 7)

# എന്തൊരുപൂതമാണീ മഹാബലി!

## കല്പറ്റ നാരായണൻ

പിന്നോട്ട് മാത്രം മടങ്ങുന്ന
കാലുകൊണ്ടല്ലയോ
മുന്നോട്ട് പായുന്നിതാളുകൾ.
-കുഞ്ഞുണ്ണി

കൗശലമില്ലാത്തവരെയാണ് നാം, പ്രത്യേകിച്ചും മലബാറുകാർ, പൂതം എന്നു വിളിക്കുക. എന്തൊരു പൂതമാണിച്ചെക്കൻ എന്ന് വൈഷമ്യത്തോടെയും എന്നാൽ വാത്സല്യത്തോടെയും നാം പറയുന്നു. ഇരുമ്പായ് ചമയേണ്ടുമീ യന്ത്രയുഗത്തിങ്കൽ കഴിച്ചുകൂട്ടാൻ അവനൊട്ടും പോര. എങ്കിലും എങ്ങനെയും അതിജീവിക്കുന്ന കൗശലക്കാരനോടല്ല ഈ പൂതത്തിനോടാണ് ഉള്ളിൽ നമുക്കിഷ്ടം. ഏതോ വിധത്തിലുള്ള നിരാലംബതയാണ് അന്യരിൽ നമുക്കിഷ്ടം. അക്കില്ലസ് അയാളുടെ 'ഹീലാ'ണ്; പരാക്രമമല്ല. വഞ്ചിക്കപ്പെടാനും പരാജയപ്പെടാനും ഉള്ള അർഹതയാണ് ഒരാളെ അനുകമ്പാർഹനാക്കുന്നത്; നായകനാക്കുന്നത്. പൂതത്തിൽ ആണ് നാം ആകൃഷ്ടരാകുന്നത്. 'പൂതപ്പാട്ടി'നോട് മലയാളിക്കുള്ള, ഇനിയും ശരിയായി മതിച്ചിട്ടില്ലാത്ത ആ താൽപര്യത്തിൽ ഈ പൂതമാണോ ഉള്ളത്?

### പൂതം ദുർബലമായത്

ഒരിക്കൽ നമ്മെ നിയന്ത്രിച്ച് രസിച്ചിരുന്ന പൂതം എങ്ങനെ കാലാന്തരത്തിൽ പരിണമിച്ച് ദുർബലയായി എന്ന കഥയാണ് പൂതപ്പാട്ടിൽ ചെറിയേട്ടത്തി അനിയന് പറഞ്ഞുകൊടുക്കുന്നത്. അന്നവൾ, മേയ്ക്കുന്ന ചെക്കന്മാരുടെ കണ്ണുവെട്ടിച്ച് പൈക്കളുടെ മുലകുടിച്ചും ആളുകളെ വഴിതെറ്റിച്ച് അവരുടെ താംബൂലം തഞ്ചമാക്കി. തരുണരുടെ മുന്നിൽ വിലാസവതിയായി പ്രത്യക്ഷപ്പെട്ട് അവരെ ആകർഷിച്ച് കരിമ്പനകളെ എഴുനിലകളാക്കി തോന്നിപ്പിച്ച് അതിൽ സൽക്കരിച്ചിരുത്തി കൊന്നു തിന്നുന്നു. കാറ്റായും തീയായും നരിയായും പുലിയായും വന്ന് നമ്മുടെ പൂർവികരെ പലപാട് അപായപ്പെടുത്തി. എന്നാൽ ഒരമ്മ തന്റെ ഉണ്ണിയെ അപഹരിച്ച ആ പൂതത്തെ സ്ഥൈര്യംകൊണ്ടും ത്യാഗംകൊണ്ടും കൗശലം കൊണ്ടും അതിജീവിച്ചു. തോറ്റുമടങ്ങിയടങ്ങിയ ആ പൂതം ഇന്ന്, വർഷാവർഷം അഭയാർഥിനിയായി ഓരോ വീട്ടിലും വരുന്നു. നമ്മളവളെ പരിഹസിച്ച് ഇട്ടോടിക്കുന്നു. രഹസ്യങ്ങളെല്ലാം ക്രമേണ ചോർന്നുപോയി ദുർബലയായിത്തീർന്ന ഈ ശക്തി ആര്? തന്റെ ബാല്യത്തിൽക്കണ്ട പല തേജസ്സുകൾ ഒട്ടിച്ചുചേർത്ത ഒരു ദേവതാ

സങ്കല്പമാണ് പൂതം എന്നു ഇടശ്ശേരി പറയുന്നുണ്ട്. കുട്ടിക്കാലത്ത് അയൽക്കാരേക്കാൾ അടുത്ത പരിചയം എനിക്ക് ദേവതകളെയായിരുന്നു. ഞാൻ ദുശ്ശാഠ്യം പിടിച്ചു കരയുന്നത്തന്നെ ശ്രദ്ധിച്ചു ചുകന്ന ചകലാസും മൂടിപ്പുതച്ചിരിക്കുന്ന മൂപ്പർ; മുറ്റത്തെ പിച്ചകവള്ളിപ്പടർപ്പ് വേനലറുതിയിൽ തൂനിലാവിൽ നിറയെപ്പൂക്കുമ്പോൾ അവിടെ ചുറ്റിപ്പറ്റി നില്ക്കുന്ന വെള്ള വസ്ത്രക്കാരനായ രക്ഷസ്സ്, തണ്ണീരാമൃതത്തോടുകൂടി ഏട്ടൻ പതിഞ്ഞ സ്വരത്തിൽ സ്തോത്രം ചൊല്ലി പൂജകൊടുക്കുന്ന ഭുവനേശ്വരി, ഇടയ്ക്ക് പതിവിലും വൈകി അർധബോധാവസ്ഥയിൽ കയറിവന്ന് താഴത്തെക്കോലായിൽ കുറച്ചിട മലർന്നു കിടന്നു പിന്നെ ഒരു കിണ്ടിവെള്ളം കുടിച്ചശേഷം എന്റെ മറ്റൊരേട്ടൻ താൻ മറികടന്നതായി വിവരിച്ചുകേട്ട തേരുവാഴ്ചയിലെ മുല്ലപ്പൂമണക്കാരിയായ യക്ഷി.... ഈ പലതായ ദേവതാസങ്കല്പങ്ങൾ പൊട്ടിപ്പിരിഞ്ഞും കെട്ടിപ്പിണഞ്ഞും ഉണ്ടായ ഒരു ദേവതാസങ്കല്പമാണ് ഈ കവിതയിലെ പൂതം. കവിയുടെ ഭൂതകാലമാണ് പൂതം എന്നർഥം. ഭൂതം തന്നെ പൂതം. ഓരോ ശിശുവും ഒരാദിമകാലത്താണ് കഴിയുന്നതെന്ന് പറയാം. ഏതത്ഭുതത്തിനും നിലയുറപ്പിക്കാൻ കഴിയുന്ന കൗതുകങ്ങളും പേടികളും നിറഞ്ഞ, നിസ്സഹായമായ ഈ കാലത്തിന്, മനുഷ്യൻ നിസ്സഹായനായിരുന്ന ആ ആദിമഘട്ടത്തിന്റെ ഛായയുണ്ട്.

'കേട്ടിട്ടില്ലേ' എന്ന് അനിയനോട് ചോദിച്ചു തുടങ്ങുന്ന ഈ കഥനം കവിയിലെ ബാലന്റെ കാലമുപയോഗിച്ച് മനുഷ്യനിലെ ബാലന്റെ കാലത്തെ അറിയലാണ്.

2
എന്തൊരുപൂതമാണീ
മഹാബലി!
കല്പറ്റ നാരായണൻ
(മാതൃഭൂമി വാരിക
1997 സെപ്റ്റംബർ 7)

എന്തു വന്നാലും കുഞ്ഞിനെ കൈവിടാത്ത ആ അമ്മ സമൂഹത്തിന്റെ ആധാരമായി നിന്ന പല ചരിത്രഘട്ടങ്ങളിലെ അമ്മമാരെല്ലാമാണ്. ആ അമ്മയുടെ ജാഗ്രതയാൽ, പ്രത്യുൽപന്നമതിത്വത്താൽ, എഴുത്താണിയുടെ ബലത്താൽ മനുഷ്യൻ അതിജീവിച്ച കാലത്തിന്റെ പ്രതിരൂപമാണ് പൂതപ്പാട്ടിലെ പൂതം. നോക്കൂ. പൂതം എഴുത്താണിയകലെ വെക്കാൻ പറയുന്നു; അമ്മയെ ഓടിപ്പിക്കാൻ നോക്കുന്നു.

## പരിണാമത്തിലെ പരാജയം

പരിണാമത്തെക്കുറിച്ചുള്ള വിചിത്ര കല്പനകളാവാം ഒരർത്ഥത്തിൽ എല്ലാ മിത്തുകളും. എക്കോളജിക്കലി സെക്കന്ററി സ്പീഷീസ് എന്ന നിലയിൽ നിന്നും എക്കോളജിക്കലി ഡോമിനന്റ് സ്പീഷീസ് എന്ന നിലയിലേക്കുള്ള മനുഷ്യന്റെ പരിണാമത്തെക്കുറിച്ചുള്ള ഒരു വിചിത്രകല്പനയാണ് പൂതപ്പാട്ട്. മനുഷ്യനെ വരുതിയിൽ നിറുത്തിയ ഒരു കാലത്തെ മനുഷ്യൻ വരുതിയിലാക്കിയ കഥ. ആദ്യഘട്ടത്തിലെ ആ അജയ്യമായ ശക്തി ഇന്നിതാ ഒരു പൊട്ടിയായി. അതിന്റെ ഉണ്ണിയുടെ ഊര് കൃത്യമായറിഞ്ഞുകൂടാത്ത പാവയായി അലയുന്നു. നമ്മുടെ പുതിയ അജയ്യതയിൽ അവൾ വിവശയാവുന്നു. ഉണ്ണിയെവേണോ, ഉണ്ണിയെ വേണോ, ആളുകളിങ്ങനെയെങ്ങും ചോദിച്ചാടിപ്പിപ്പൂ പാവത്തെ പലപാടും.

ഒരു വിജയകഥയല്ല ഇത്. അമ്മയോടുള്ള ആരാധനയിലല്ല; പൂതത്തിനോടുള്ള അനുകമ്പയിലാണ് കാവ്യം വിവരിക്കുന്നത്. ഈ അസത്ത് പൂതത്തിന് എന്തിനാ നമ്മള് നെല്ലും മുണ്ടും ഒക്കെ കൊടുക്കുന്നത് എന്നല്ലേ? ആവൂ; കൊടുക്കാഞ്ഞാൽ പാവമാണ്. ഇതെല്ലാം പൂതം പണ്ടു ചെയ്തതാണ്. പൂതത്തിന് എപ്പോഴും വ്യസനമാണ്. പരിണാമത്തിലെ വിജയത്തെക്കാൾ, പരിണാമത്തിലെ പരാജയത്തെക്കുറിച്ചാണ് പൂതപ്പാട്ട്. പുരോഗതി ദുർബലയാക്കിയ നിരാധാരയാക്കിയ ശക്തിയെപ്പറ്റി. പുരോഗതിയിലെ ഈ അധോഗതിയെക്കുറിച്ചുള്ള അവബോധത്തിന് ഇടശ്ശേരിയെക്കാൾ പഴക്കമില്ലേ? മലയാളിയുടെ ദേശീയോത്സവമായ ഓണത്തിന്റെ പിന്നിലെ ഐതിഹ്യത്തിന്റെ തേജസ്സും ഈ തിരിച്ചറിവല്ലേ? സൂക്ഷിച്ചു നോക്കുക; മഹാബലിയുടെ അധോഗതിയുടെ കഥ ഒരു പൂതത്തിന്റെ കഥയല്ലേ?

മഹാബലിയുടെ കഥ കേൾക്കുമ്പോഴൊക്കെ എന്തൊരു പൂതമാണീ മഹാബലി എന്ന് തോന്നാത്തവരുണ്ടോ?

ശുക്രൻ സൂചിപ്പിച്ചതാണ്; വാമന് വഴങ്ങരുതെന്ന്. അതിലൊരു ചതിയുണ്ട് എന്ന്. പക്ഷേ, അന്ധമായ നന്മ മാത്രമുള്ള പ്രത്യുല്പന്നമതിത്വമില്ലാത്ത, മഹാബലി ചോദിച്ചത് നല്കി, വാമനൻ ബലിയെ ചതിച്ചു. ചവിട്ടിത്താഴ്ത്തപ്പെട്ട ബലിക്ക് വർഷത്തിലൊരിക്കൽ തന്റെ പൂർവസാമ്രാജ്യത്തിൽ അതിഥിയായി വരാൻ അനുവാദം കിട്ടി. ചരിത്രപരമായ തെളിവുകളുപയോഗിച്ച് നിങ്ങൾക്കൊരിക്കലും മഹാബലി എന്ന അസുരചക്രവർത്തിയെ പിടികൂടാനാവില്ല. പല ഭരണാധികാരികളിലൂടെ ക്രമേണ പുരോഗമിച്ച ഒരു ശക്തി പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ നന്മയുറ്റ ഒരസുര ചക്രവർത്തിയെ നിങ്ങളുടെ കാവ്യാബോധത്തിന് ദർശിക്കാം എന്ന് മാത്രം. കണ്ണടച്ചുകൊണ്ട് മാത്രം നമുക്ക് വായിക്കാവുന്ന ആ ചരിത്രപുസ്തകത്തിൽ മഹാബലിയുമുണ്ട് എന്നു മാത്രം. മുന്നോട്ടുള്ള ഈ വിരൂപമായ പാച്ചിലിന് ഒരു ബലിപുരാണം സ്വപ്നം കാണാം എന്നു മാത്രം. കാലാന്തരത്തിൽ സംഭവിച്ച പല ബലികളുടെ ആകത്തുകയായി ഒരു മഹാബലി. ബാല്യം തൊട്ട് ഓരോ മലയാളിയും അവനവനിലെ സർവൈവലിനുവേണ്ടി ചവിട്ടിത്താഴ്ത്തിയതെല്ലാം മഹാബലിയിലുണ്ട്. പുരോഗതിയുടെ പക്ഷത്തുനിന്ന് നോക്കുമ്പോൾ അനിവാര്യവും പ്രകൃതിയുടെ പക്ഷത്തുനിന്ന് നോക്കുമ്പോൾ സങ്കടകരവും ആയ ഒരു പതനം.

സ്ഥിതിയുടെ ചുമതലക്കാരനായ ഈശ്വരൻ നമ്മെ രക്ഷിക്കാൻ നന്മമാത്രമുള്ള ആ അസുരരാജാവിനെ ചവിട്ടിത്താഴ്ത്തിയ കഥയുടെ സാധ്യത എത്ര വലുത്? അതിജീവനത്തിന് നന്മയേക്കാൾ തടസ്സമായി എന്ത്?

മനുഷ്യപുരോഗതിക്കനിവാര്യമായിരുന്നു ആ സമത്വത്തിന്റെ ചക്രവർത്തിയുടെ കാലം മനുഷ്യൻ എക്കോളജിക്കലി സെക്കന്ററി സ്പീഷിസായിരുന്ന കാലമാണ്. ഫലങ്ങളല്ല, പൂക്കളാണ് നാം നമ്മുടെ കുട്ടികൾവഴി അദ്ദേഹത്തിന്

കാഴ്ചവെക്കുന്നത്. (ജന്മിമാർക്ക് മുതിർന്നവർ നേരിട്ട് ഫലങ്ങളും). ഭൂമി കൊടുത്ത് ഓണമുണ്ട മഹാബലിയുടെ ഓർമയിൽ കാണം വിറ്റും ഓണം ഉണ്ണണം എന്ന ഒരതിജീവന വിരുദ്ധമായ പാഠവും ഉണ്ട് അക്കാലത്തിന്റേതായി. പുരോഗതിയിലെ കൃതഘ്നതയെക്കുറിച്ച്, അതിജീവനങ്ങളിലെല്ലാം ഉള്ള ഒരു വൈരൂപ്യത്തെക്കുറിച്ച്, മഹാബലിയുടെ കഥയും പൂതപ്പാട്ടും ഒരേ ഉൾക്കാഴ്ചകൾ പങ്കിടുന്നു.

ഇടശ്ശേരിയുടെ കൃതികളിൽ ദർശനപരമായി ഒറ്റപ്പെട്ട് നില്ക്കുന്ന കൃതിയല്ല പൂതപ്പാട്ട്. പുരോഗതി വിരൂപമായ ഒരു വളർച്ചയാണ് എന്ന് പെങ്ങൾ, ബുദ്ധനും നരിയും ഞാനും, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, വിവാഹസമ്മാനം, കാവിലെ പാട്ട്, പണിമുടക്ക് തുടങ്ങിയ രചനകളും സമ്മതിക്കുന്നുണ്ട്.

ഞാനീക്കറുത്തോരു നീറ്റിൽമുങ്ങി
ക്കാണാതെയാമ്പോൾ കരയുമോ നീ

എന്ന് ചോദിക്കുന്ന ചേച്ചി തോറ്റു മടങ്ങിയടങ്ങിയ കാലമാണ്. ഇനിനീയിപ്പാലത്തിൽ നാട്ടനൂഴും എന്ന് രസിക്കുന്ന മനസ്സ് ആ വിജയം ആട്ടിപ്പുറത്താക്കിയ ഗ്രാമലക്ഷ്മിയുടെ പിൻവാങ്ങൽകൂടി കാണുന്നു.

അനുദിനം മങ്ങുമാഗ്രാമചിത്രം
മനസാ ഞാനൊന്നു മുകർന്നുനിന്നു
പിറവിതൊട്ടെൻ കൂട്ടുകാരിയാമ-
മ്മധുരിമതൂകിടും ഗ്രാമലക്ഷ്മി
അകലേക്കകലേക്കകലുകയാം.

ഒരിക്കൽ ക്രൂരയും കുപിതയുമായിരുന്ന ദേവി ഇന്നെങ്ങനെ സുരഭിലപ്പൂവല്ലിപോലെ സൗമ്യയായി എന്ന് പറയുന്ന കാവിലെപ്പാട്ടിലും ഒരു പൂതമുണ്ട്. കാലക്രമത്തിൽ പ്രകൃതി അതിന്റെ പ്രഭാവങ്ങളോരോന്നായി കൈയൊഴിയുന്നതിനെക്കുറിച്ചുള്ള ബോധമുണ്ട് ഇടശ്ശേരിയുടെ കവിതകളിൽ പൊതുവെ. കൂടുതൽ കൂടുതൽ മനുഷ്യകേന്ദ്രീകൃതമാവുന്ന ഒരു ലോകത്തിൽ എന്തെല്ലാമോ അപര്യാപ്തകളുണ്ട്; ആരുടേയോ കരച്ചിലുണ്ട്; ഏതോ ആരായലുണ്ട്. പൂതപ്പാട്ടിൽ അതെല്ലാം സമൂർത്തത കൈവരിച്ചിരിക്കുന്നു. പ്രകൃതിയുടെ അന്യായങ്ങൾ അനുഭവിച്ച് വളർന്ന മനുഷ്യനോ അതിനെ തന്റെ അന്യായങ്ങൾ അനുഭവിപ്പിക്കുന്നവിധം മാറ്റി. അവന്റെ അതിജീവനത്തിന്റെ വഴി പ്രപഞ്ചത്തിന്റെ വഴിയാക്കി. പഴയ എക്കോസിസ്റ്റം കീഴ്മേൽ മറിഞ്ഞു. മനുഷ്യകേന്ദ്രീകൃതമായ പ്രവർത്തനങ്ങളുടെ പരിണാമം ഇന്നവനെ പൊള്ളിച്ചു തുടങ്ങിയിട്ടുണ്ട്. പിന്നിൽ കണ്ണുകളില്ലാത്തത് വലിയൊരു പന്തികേടാണെന്ന് അവനിന്ന് ബോധ്യം വന്നിട്ടുണ്ട്.

ഏത് വിജയമാണ് മനുഷ്യനെ അസന്തുഷ്ടനാക്കാത്തതെന്ന് അവനിന്ന് അമ്പരന്ന് തുടങ്ങിയിട്ടുണ്ട്. വിജയം മാത്രമല്ല അതിൽ ഉള്ള കുറ്റബോധവും ആവിഷ്കൃതമാവുന്നു പൂതപ്പാട്ടിൽ. വിജയിയുടെ പിറന്നാളുപയോഗിച്ച്, പരാജിതനെ ആദരിക്കുന്ന, ഓണമാഘോഷിക്കുന്ന ഒരു നാട്ടിന്റെ കവിക്ക് അത് സ്വാഭാവികമാവാം. എന്റെ ജന്മർക്ഷത്തിന്നല്ലീ മഹോത്സവം തന്റെ തന്നെ ജന്മർക്ഷത്തിനാണെന്ന വാസ്തവം പോലും മലയാളിയെക്കൊണ്ട് മറപ്പിച്ചെൻ പേരിന്റെ നിലനില്പവ്യാഹതമാക്കി വാമനമൂർത്തി. (ബലിദർശനം)

എന്ന് ഇടശ്ശേരിയുടെ പ്രിയശിഷ്യനായ അക്കിത്തം.

(മാതൃഭൂമി വാരിക 1997 സെപ്റ്റംബർ 7)